"ഭരണഭാഷ–മാതൃഭാഷ"

# പന്തളം നഗരസഭാ കാര്യാലയം

പന്തളം.പി.ഒ, പത്തനംതിട്ട ജില്ല. പിൻ–689501.
ഫോൺ : 04734 – 252251. e-mail : pandalammunicipality@gmail.com

നമ്പർ:എച്ച്1–13439/2022

തീയതി : 06/02/2023

## ടെണ്ടർ/ദർഘാസ് പരസ്യം

പന്തളം നഗരസഭയിലെ ജനകീയാസൂത്രണം 2022–23 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.ഒ–203/23–ാം നമ്പർ പ്രൊജക്ടായ 'വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (ജനറൽ)' എന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ വാങ്ങുന്നതിലേക്കായി അംഗീകൃത ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ/ദർഘാസ് ക്ഷണിക്കുന്നു. പീസ് റേറ്റ് കോട്ട് ചെയ്യേണ്ടതാണ്.

സ്പെസിഫിക്കേഷൻ – നീളം – 1.98 മീറ്റർ, വീതി – 90 സെ.മീ, മുൻ കാൽ നീളം 60 സെ.മീ, പിൻകാൽ നീളം 50 സെ.മീ, 8 മില്ലിമീറ്റർ കനമുള്ള പ്ലൈവുഡ് എന്നിങ്ങനെ ആയിരിക്കണം. തടി മഹാഗണി / അക്കേഷ്യ.

അടങ്കൽ – 4,00,000/– രൂപ.

ടെണ്ടർ/ദർഘാസ് ഫോറം വില – 800/– + ജി.എസ്.റ്റി (12%),

നിരത ദ്രവ്യം – 10,000/–. രൂപ. (നഗരസഭാ പ്രൊജക്ട് ഓഫീസറുടെ പേരിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്)

ടെണ്ടർ/ദർഘാസ് ഫോറങ്ങൾ 07/02/2023 മുതൽ നഗരസഭാ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. മുദ്ര വച്ച കവറിലുള്ള ടെണ്ടറുകൾ/ദർഘാസുകൾ 15/02/2023–ാം തീയതി 3 മണിയ്ക്കു മുമ്പായി ഈ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ടെണ്ടറിനൊപ്പം നിശ്ചിത നിരതദ്രവ്യം ഒടുക്കിയ രസീതും നിയമാനുസൃത 200/– രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാറും അടക്കം ചെയ്യേണ്ടതാണ്. ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടർ/ദർഘാസ് തുറക്കുന്ന തീയതി 16/02/2023 – 4.00 മണി. ടെണ്ടർ സംബന്ധിച്ച നിലവിലുള്ള സർക്കാർ നിബന്ധനകൾ ഈ ടെണ്ടറിനും ബാധകമാണ്. ടെണ്ടർ സ്വീകരിക്കുന്നതിനോ, നിരസിക്കുന്നതിനുമുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്. ആവശ്യമെങ്കിൽ സാമ്പിളുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി അവധിയാണെങ്കിൽ തൊട്ടടുത്ത ദിവസം ടെണ്ടർ തുറന്ന് പരിശോധിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ നഗരസഭയിൽ നിന്നും ലഭ്യമാകുന്നതാണ്.

പ്രൊജക്ട് ഓഫീസർ,
പന്തളം നഗരസഭ.